# എച്ച് എച്ച് എസ് ചെട്ടികുളങ്ങര
# ചെട്ടികുളങ്ങര, ആലപ്പുഴ

# അക്കാദമിക് മാസ്റ്റർപ്ലാൻ
# 2025-2026



# വിദ്യാലയ ചരിത്രം

1931 ൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ ചെട്ടികുളങ്ങര എന്ന ഗ്രാമത്തിൽ കുറഞ്ഞ ചെലവിൽ വിദ്യാഭ്യാസ സൗകര്യം നാട്ടിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയ പോഷിണി ഇന്സ്റ്റിട്യൂഷൻ എന്ന പേരിൽ ഒരു വിദ്യാഭ്യാസ പ്രവർത്തന കേന്ദ്രം ആരംഭിച്ചു. അന്ന് ട്രെയിനിങ് ടീച്ചേഴ്സ് കുറവായതിനാൽ ജോലിയിൽ ഇരിക്കുന്ന അധ്യാപകരെ ട്രെയിനിങ് പരീക്ഷയ്ക്ക് തയ്യാറാക്കുന്ന ജോലി കൂടി ഇൻസ്റ്റിറ്റ്യൂഷൻ നിർവഹിച്ചിരുന്നു.

1931 തുടങ്ങിയ വിദ്യാപോഷിണി മിഡിൽ സ്കൂൾ പ്രാരംഭത്തിൽ മലയാളം മീഡിയം സ്കൂൾ ആയിരുന്നു. പിന്നീട് അത് 1934 ൽ മലയാളം ഹൈസ്കൂളായി ഉയർത്തുകയും ചെട്ടികുളങ്ങര ഹൈസ്കൂൾ എന്ന് അറിയപ്പെടുകയും ചെയ്തു. അക്കാലത്ത് പൊതുജനങ്ങൾക്ക് ഇംഗ്ലീഷ് ഹൈ സ്കൂളിൽ കുട്ടികളെ വിട്ടു പഠിപ്പിക്കുവാനുള്ള സാമ്പത്തികസ്ഥിതി കുറവായതിനാൽ ആണ് മലയാളം ഹൈസ്കൂൾ സ്ഥാപിച്ചത്. സമീപ പ്രദേശങ്ങളിൽ സർക്കാർ സ്കൂളുകൾ കുറവായതിനാൽ മാവേലിക്കര കരുനാഗപ്പള്ളി കാർത്തികപ്പള്ളി എന്നീ താലൂക്കിലെ കുട്ടികൾ ചെട്ടികുളങ്ങര ഹൈസ്കൂളിലാണ് പഠിച്ചിരുന്നത്. ഓണാട്ടുകര പ്രദേശത്തിൻറെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മനസ്സിലാക്കി ഇതേ കാലഘട്ടത്തിൽ തന്നെ ഇതിൻറെ സ്ഥാപകൻ ആയിരുന്ന ശ്രീ എൻ പി നായർ കായംകുളത്തും കരുനാഗപ്പള്ളിയിലെ തഴവയിലും ഓരോ ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിക്കുകയുണ്ടായി.

1944 ൽ മലയാളം മിഡിൽ സ്കൂൾ ഇംഗ്ലീഷ് മിഡിൽ സ്കൂളായും, തുടർന്ന് 1948 ൽ മലയാളം ഹൈസ്കൂൾ ഇംഗ്ലീഷ് ഹൈസ്കൂളായും പരിവർത്തനം ചെയ്യപ്പെട്ടു. തുടർന്ന് 1967 ൽ അഞ്ചാംക്ലാസ് മുതൽ എസ് എസ് എൽ സി വരെയുള്ള ക്ലാസ്സുകൾക്ക് ഇംഗ്ലീഷ് മീഡിയം സമാന്തര ഡിവിഷനും ആരംഭിച്ചു.

1937 ലാണ് ആണ് ഇവിടെ ഹയർ ഗ്രേഡ് ട്രെയിനിംഗ് സ്കൂൾ തുടങ്ങിയത്. 1950 മുതൽ സ്കൗട്ടും ഗൈഡസും പ്രവർത്തനം തുടങ്ങി. 1957 ൽ ആരംഭിച്ച പുരുഷവിഭാഗം എൻസിസി ട്രൂപ് 2003 ൽ പെൺകുട്ടികളെ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ചു.

1982 ൽ കനക ജൂബിലി ആഘോഷിച്ച ഈ സ്ഥാപനം എൺപതുകളിൽ ആലപ്പുഴ റവന്യൂ ജില്ലയിലെ ഏറ്റവും കൂടുതൽ വിദ്യാർഥികൾ പഠിക്കുന്ന

സ്ഥാപനം എന്ന ബഹുമതിയും സമ്പാദിച്ചിട്ടുണ്ട്. 1996 മുതൽ തന്നെ വിദ്യാർഥികൾക്ക് കമ്പ്യൂട്ടർ പരിശീലനവും നൽകി പോരുന്നു.

2006 ആഗസ്റ്റ് 17 ന് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം അന്നത്തെ കേരള ഗവർണർ ആയിരുന്ന ശ്രീ ആർ എൽ ഭാട്ടിയ നിർവഹിച്ചു. ഒരു വർഷം നീണ്ടു നിന്ന വിപുലമായ പരിപാടികളുടെ സമാപന സമ്മേളനം 2007, ഏപ്രിൽ 17 ന് ശ്രീ പത്മനാഭ ദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് ഉദ്ഘാടനംചെയ്തു.

ഇപ്പോൾ ഒരു എയിഡഡ് എൽപി സ്കൂളും, 2014 മുതൽ ഒരു എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളും ഈ മാനേജ്മെൻറ് നടത്തുന്നു.

# H.S.S CHETTIKULANGARA
# ACADEMIC MASTER PLAN 2025 - 2026
# SECTION : HIGH SCHOOL

## SUBJECT : MALAYALAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉപകരണം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. മുന്നൊരുക്കം മുന്നറിവ് പരിശോധന<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമിക്കുക<br>7. വാക്യങ്ങൾ നിർമിക്കുക<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം (ജൂൺ - ജൂലൈ ) | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br>അക്ഷരകാർഡുകൾ | അധ്യാപകർ<br>സമർത്ഥരായ കുട്ടികൾ<br>പി.ടി.എ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ 2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. വായനാമൂല സജ്ജമാക്കൽ<br>4. സമീപ ഗ്രന്ഥശാല സന്ദർശിക്കൽ 5. വായനോത്സവം സംഘടിപ്പിക്കൽ 6. പത്രവായന<br>7. പുസ്തകചർച്ച<br>8. വായനാനുഭവം<br>9. വായനാക്കുറിപ്പ് 11. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>12. ദിനാചരണം<br>13. ഈ വായന | ഓഗസ്റ്റ്-ഒക്ടോബർ | ബാലമാസികകൾ<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ<br>ഫോൺ | അധ്യാപകർ<br>സമർത്ഥരായ കുട്ടികൾ<br>പി.ടി.എ |

| | | | | |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനാക്കുറിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക പതിപ്പ്<br>6. സർഗസൃഷ്ടികൾ<br>7. വ്യക്തിഗത രചന<br>8. സംഘ രചന | നവംബർ – ജനവരി | ലൈബ്രറി പുസ്തകങ്ങൾ ബാലമാസികകൾ | അധ്യാപകർ പി.ടി.എ |
| 4. സദസ്സിനെ അഭിമുകീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗം പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയാറാക്കുക<br>3. മികച്ച പ്രസംഗം കേൾക്കാനുള്ള അവസരം<br>4. പ്രസംഗം അവതരണം | ഫെബ്രുവരി - മാർച്ച് | ഓഡിയോകൾ വിഡിയോകൾ | അധ്യാപകർ പി.ടി.എ |

## SUBJECT : ENGLISH

| Sl No | Programme | Activities | Duration | Responsibility | AID |
|---|---|---|---|---|---|
| 1 | Improve proficiency in four language skills listening, speaking, reading, and writing | 1) English classes should follow Direct Method so that it makes a direct association between thought and expression.<br><br>2) ‘ The Idiom Hunter ‘ listen to podcasts or TED talks and identify idioms, phrasal verbs etc. To improve listening skill dictation song lyric challenge etc. can be conducted.<br><br>3) English newspaper subscription.<br><br>4) Hello English. | Throughout the year | English Teachers | SMC / SRG |

| | | | | | |
|---|---|---|---|---|---|
| 2 | Vocabulary and language acquisition | 1) Encourage students to build their vocabulary through reading and learning new words.<br><br>2) Crossword puzzles, word scramble, vocabulary quizzes can be conducted.<br><br>3) ‘ Word of the Day ‘ Learn a new word every day and use it in a sentence. | Throughout the year | English Teachers | |
| 3 | English Library | Collect English books of different genres and set up English library in the class. | July - August | English Teachers | PTA |
| 4 | English Assembly | Classwise English assembly should be conducted monthly twice. | August - November | English Club | |
| 5 | Literary Exploration | 1) Introducing various genres – short stories, poetry, novel studies.<br>2) Close reading exercises. | July - December | English Teachers<br>English Club | |
| 6 | English Club | 1) Various Competitions can be conducted by the English club such as Literary Quizzes, Essay competitions etc.<br>2) Literary festivals can be conducted. | Throughout the year | English Club | |
| 7 | Literary week | Five day programme can be conducted including various literary activities.<br>1) Poetry day<br>2) Book Exhibition<br>3) Author Talk : Invite a guest author or literary expert to talk to students.<br>4) Filim Festival<br>5) Theatre Workshop | September | English Club | |

# SUBJECT : HINDI

## ആമുഖം - കാഴ്ചപ്പാട്

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി എല്ലാ കുട്ടികളെയും മാറ്റുക എന്നതാണ് ഇതിൻറെ ഭാഗമായി ഓരോ കുട്ടികളുടെയും അറിവും കഴിവും ഭാഷ പരിജ്ഞാനവും പ്രായ ഘട്ടത്തിനനുസൃതമായും മാറ്റുക എന്നത് ഉറപ്പാക്കുക ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും ഭാഷാ പഠനം മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ നൽകണം പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ പ്രാപ്തരാക്കുക ലഹരി വിരുദ്ധ മനോഭാവം വളർത്തുന്നതും ആരോഗ്യ പരിസര ശുചിത്വം സംരക്ഷണം വളർത്തുന്നതിനും സ്വയം പര്യാപ്തത കുട്ടികളിൽ വളർത്തുന്നതിനും ഉതകുന്നതുമായ കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കി ഭാഷാ സംസ്കാരം നിലനിർത്തുന്നതും ആയ ക്ലാസ് റൂം പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നു.

ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക. ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക, സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക, തിയറ്ററുകൾ ഐസിടി പ്രോഗ്രാമുകൾ സാങ്കേതിക വിദ്യാസാധ്യതകൾ ഹിന്ദി ഭാഷ വികാസത്തിന് പ്രയോജനപ്പെടുത്തുക, മുഴുവൻ കുട്ടികൾക്കും ഹിന്ദി കമ്പ്യൂട്ടിംഗ് പരിശീലനത്തിന് അവസരം ഒരുക്കുന്നു. ഹിന്ദിയിൽ സംസാരിക്കുവാനും പ്രസംഗിക്കുവാനും കഥ പറയാനും കവിത ചൊല്ലാനും തയ്യാറാക്കുക.

വായന : സ്കൂളിലെ മുഴുവൻ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു ജൂൺ മുതൽ പ്രവർത്തനങ്ങൾ തുടങ്ങുന്നു.

എഴുത്ത് : എല്ലാ കുട്ടികളും ആശയ വ്യക്തിയോടെ എഴുതുന്നു പ്രവർത്തന പ്രോഗ്രാം ജൂൺ മുതൽ.

ഹിന്ദിയിൽ ആശയവിനിമയം ; പറയാനും, വായിക്കാനും, എഴുതാനും, കഴിവാർജിക്കുന്നു ജൂൺ മുതൽ തുടങ്ങുന്നു. ക്ലാസ്സുകളിൽ വായന കോർണറുകൾ സജ്ജമാക്കുന്നു എല്ലാ കുട്ടികളും ശരിയായ എഴുതുന്നു എന്ന് ഉറപ്പാക്കുന്നു പ്രോത്സാഹനസദസ്സുകൾ ക്ലാസുകളിൽ സജ്ജമാക്കുന്നു ശേഷിയിലുള്ള കുട്ടികൾക്ക് ചേർന്ന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു. ജൂൺ 3 മുതൽ 13 വരെ കുട്ടികളെ സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിൻറെ ഭാഗമായി വികസിക്കേണ്ടുന്ന ഒരു ധാരണകളിൽ പെടുന്ന വിവിധ പ്രവർത്തനങ്ങൾ ക്ലാസ് അടിസ്ഥാനത്തിൽ സ്കൂൾ ക്രമീകരണം പാലിച്ചുകൊണ്ട് നടത്തുന്നു. മൂന്നിന് മയക്കുമരുന്ന് ലഹരി ഉപയോഗിക്കുന്നതിനെതിരെ അവബോധ പ്രവർത്തനങ്ങൾ, നാലിന് റോഡിലൂടെ സഞ്ചാരം, റയിൽ മുറിച്ച് കടക്കുമ്പോൾ ജലപാത ഉപയോഗിക്കുമ്പോൾ സ്കൂൾ വാഹനം ഉപയോഗം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അഞ്ചിന് വ്യക്തി ശുചിത്വം പരിസര ശുചിത്വം ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയിൽ നിന്നുള്ള പ്രവർത്തനങ്ങൾ, ഒമ്പതിന് പൊതു ആരോഗ്യവും പത്തിന് ഡിജിറ്റൽ അഡിക്ഷൻ എതിരെയുള്ള അവബോധന പ്രവർത്തനങ്ങളും പൊതുമുതൽ സംരക്ഷണം 11 നും 12 ന് പരസ്പര സഹകരണത്തിന് പ്രാധാന്യം കുട്ടികളിൽ ഊട്ടിയുറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച നടത്തുന്നു.

महीना दिवस

जून - 5 - पर्यावरण दिवस - पेड़ - पौधों का वितरण - पोस्टर बनाना, प्रतिज्ञा लेना।

जून - 19 - वाचन दिवस - वाचन कार्ड का वाचन, पोस्टर बनाना - वाचक प्रतियोगिता, पुस्तक परिचय, - संगोष्ठी चलाना, भाषण प्रतियोगिता, लेखन - कार्य

जून 26 - लोक नशा - निषेध दिवस, पोस्टर बनाना - प्रतिज्ञा लेना, नारे लगाना, भाषण देना।

जुलाई 31 - मुंशी प्रेमचंद जयंती, चित्र बनाना कहानी परिचय, कहानी सुनाना, फिल्म वीडियो दिखा पुस्तक परिचय, प्रतियोगिताएँ चलाना।

अगस्त 15 - स्वतंत्रता दिवस : भाषण कार्य, संदेश - देने वाली पोस्टर, चित्र बनाना।

सितंबर 14 - हिंदी दिवस, पोस्टर बनाना, कविता - रचना, नाटक मंचन, चित्र रचना, कवितालापन, असंबद्ध संवाद, हिंदी - भाषा महत्व पर भाषण

अक्तूबर 2 - गांधी जयंती : पोस्टर बनाना, भाषण, कविता आलापन प्रतियोगिता, आदि फिल्म

नवंबर 1 - केरल का जन्मदिन - पोस्टर बनाना, केरल से संबंधित गीत सुनाना, वीडियो दिखाना

नवंबर 14 - बाल दिवस, राती बाल दिवस का - महत्व पर पोस्टर, लेखन कार्य - भाषण प्रतियोगिता

दिसंबर 25 - क्रिसमस संदेश कार्ड निर्माण

जनवरी 26 - गणतंत्र दिवस - पोस्टर बनाना,

भाषण देना, गणतंत्र दिवस का महत्व पर-
चित्र निर्माण, सामूहिक गीत, नारे, गणतंत्र दिवस-
का महत्व पर बनाना, आदि।
जनवरी 30 शहीद दिवस - महात्मा गांधी की स्मृति, शांति-
का संदेश।
फरवरी 21 अंतराष्ट्रीय मातृभाषा दिवस - मातृभाषा के-
महत्व पर प्रकाश डाला है। कविता पाठ
28 राष्ट्रीय विज्ञान दिवस - सी.वी. रमन-
द्वारा रमन प्रभाव की खोज की याद।-
वैज्ञानिक जागरूकता को बढ़ावा देना।
मार्च 8 अंतर्राष्ट्रीय महिला दिवस - महिला सशक्तिकरण
और लैंगिक समानता।
22 विश्व जल दिवस - पानी का महत्व और-
जल संरक्षण पर पोस्टर निर्माण।

आधिकतम कार्यक्रम
जून 19 - वाचन प्रतियोगिता, भाषण,
वाचन संबंधी नारे लेखन

जुलाई 31 - प्रेमचंद जयंती
भाषण, कहानी रचना प्रेमचंद का-
जीवन और साहित्य प्रश्नोत्तरी, प्रेमचन्द
पुस्तक प्रदर्शनी, फिल्म प्रदर्शन
सितंबर 14 - हिंदी दिवस - हिंदी से प्रातः सभा,
भाषण, निबन्ध लेखन, कहानी रचना,
कविता रचना, हिंदी गीत, पुस्तक-
प्रदर्शन, प्रश्नोत्तरी, हिंदी पखवाड़ा के
रूप में।
सितंबर 5 - शिक्षक दिवस - भाषण, शिक्षकों का
सम्मान समारोह।

# SUBJECT: SANSKRIT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പഠനോപകരണങ്ങൾ |
|---|---|---|---|
| 1. എല്ലാ കുട്ടികളെയും ഭാഷാ പഠനം തൽപരരാക്കുക. | കുട്ടികളുടെ പഠനമകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ച് പഠനപ്രവർത്തനങ്ങളും പഠനരീതികളും നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ വീഡിയോ ചിത്രങ്ങൾ |
| 2. അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുന്നു വായന വാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ് പ്രവർത്തനം. | രചന, അധ്യാപിക ഒരു പുസ്തകം<br><br>പരിചയപ്പെടുത്തി അവലോകനം പറയുന്നു | ജൂൺ മുതൽ മാർച്ച് വരെ | |
| 3. സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ. | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | |
| 4. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം നൽകുന്നു. | പ്രശ്ലോത്തരി, ഉപന്യാസം പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | |
| 5. സംസ്കൃത ദിനാചരണം മത്സരങ്ങൾ നടത്തി സബ് ജില്ലാതലത്തിൽ പങ്കെടുപ്പിക്കാൻ. | ക്ലബ്ബ് രൂപീകരണം സംസ്കൃത സന്ദേശം പ്രമുഖ വ്യക്തിയുടെ ക്ലാസ്. | ജൂൺ മുതൽ മാർച്ച് വരെ | |
| 6. ഭാഷാ പഠനം കലാപരിചയം. | കലോത്സവത്തിനായി കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ സമസ്യ സിദ്ധരൂപം പ്രഭാഷണം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | |
| 7. സംസ്കൃത സംഭാഷണ ക്ലാസ് | ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന് എല്ലാ കുട്ടികളും പങ്കെടുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | |
| 8. സംസ്കൃതം സ്കോളർഷിപ്പ് പ്രത്യേക പരിശീലനം. | പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി മോഡൽ എസ്എസ്എൽസി പരീക്ഷ പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | |

# SUBJECT : SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളിൽ ചരിത്രാവബോധം ഉളവാക്കുക . ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക. | നിശ്ചയിച്ച തീയതികളിൽ നടത്തുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | അധ്യാപകർ സ്കൂൾ കുട്ടികൾ |
| 2. ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റി എടുക്കുക . പൗര ബോധം മൂല്യ ബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പിനായു ള്ള പ്രവർത്തനങ്ങൾ നടത്തുക പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തങ്ങൾ. | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ സുമനസുകൾ |
| 3. സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണങ്ങൾ വളർത്തുക. | സാമൂഹ്യ ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ കൗതുകം ഇവ ഉണർത്തുന്ന പ്രവർത്തനങ്ങൾ . | വർഷം മുഴുവനം | അധ്യാപകർ | അധ്യാപകർ PTA |
| 4. മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രീയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുക. | ചർച്ചകൾ, ക്ലാസുകൾ അഭിമുഖങ്ങൾ സംവാദം എന്നിവയിലൂടെ കുട്ടികളുടെ ക്രീയാത്മകത വളർത്തുന്നു. | സ്കൂൾ വർഷം | അധ്യാപകർ | സോഷ്യൽ ക്ലബ് |
| 5. ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണയം നടത്തുക. | അറ്റ്ലസ്, മാപ്പ്, ഗ്ലോബ്, എന്നിവയുടെ സഹായത്തോടെ സ്ഥലങ്ങളുടെ സ്ഥാനം നിർണയം. | സ്കൂൾ വർഷം | അധ്യാപകർ | അധ്യാപകർ |
| 6. കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുക . | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം വളർത്തുന്നതിനായി ക്വിസുകൾ, | അക്കാദമിക വർഷം മുഴുവനം നടത്തുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | |
|---|---|---|---|
| | ദിനാചരണങ്ങൾ, എന്നിവയെക്കുറിച്ചു കൂടുതൽ ധാരണ നൽകുക. വീഡിയോ പ്രദർശനം, ചരിത്ര സിനിമയുടെ പ്രദർശനം എന്നിവ നടത്തുക. | | |
| 7. വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ, പർവതങ്ങൾ ഇവയെക്കുറിച്ചും അറിവ് നേടുക. | വിവിധ മേഖലയെക്കുറിച്ചു കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നു ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം രസകരമാക്കുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 8.പ്രകൃതിക്ഷോഭങ്ങളെ നേരിടാൻ പടിക്കൽ പ്രകൃതി സംരക്ഷണം നടത്തൽ. | കേരളം അനുഭവിക്കേണ്ടിവന്ന പ്രകൃതിക്ഷോഭങ്ങളെ ക്കുറിച്ചുള്ള വാർത്തകൾ, വീഡിയോകൾ എന്നിവയുടെ പ്രദർശനം ശ്രദിക്കേണ്ടകാര്യങ്ങൾ ചർച്ച. | തെരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

## SUBJECT : MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാക്സ് ലാബ് | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോട്ടു നിൽക്കുന്ന കുട്ടികൾ |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കാൻ. | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ |
| 3. ഗണിതത്തെ നിത്യജീവിതമായി ബന്ധിപ്പിച്ച ആശയങ്ങളുടെ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പിടിഎ |

| | | | |
|---|---|---|---|
| പ്രാധാന്യം ബോധ്യപ്പെടൽ | | | |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ. | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു ശിൽപ്പശാല നടത്തുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന്. | അധ്യാപകർ ഗണിത ക്ലബ് പി റ്റി എ |
| 5. സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകർ സംഘതലവൻ |
| 6. അധ്യാപകർ കാലാനസൃതമായി ചെയ്യു ചെറിയ ക്ലാസ് മുതൽ ഉള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർപ്രവർത്തനം | വിഷയസമിതി കൺവീനർ മുതിർന്ന അധ്യാപകർ |
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ. | ഗണിത ഗ്രാമം സമീപ പ്രദേശത്തെ ഗണിത അധ്യാപകരെയും ചേർത്തുള്ള കൂട്ടായ്മ. | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും. | ഗണിത അധ്യാപകർ |
| 8. ഗണിത മത്സര വേദികളിൽ കുട്ടികളുടെ പ്രാതിനിധ്യം. | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി അധ്യാപകർ പി റ്റി എ |
| 9. ഗണിത ലാബ് രക്ഷകർത്താക്കളെ ബോധവൽക്കരിക്കൽ | ലാബിലേക്ക് ആവിശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് - ജൂൺ | അധ്യാപകർ പി റ്റി എ |
| 10. രക്ഷകർത്താക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി റ്റി എ നടത്തുന്നു | എല്ലാ മാസവും. | അധ്യാപകർ, H.M, പി റ്റി എ പ്രസിഡന്റ് |

## SUBJECT : PHYSICS

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ. | * ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണ കളരി.<br>* പരീക്ഷണങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുക.<br>* സ്കൂൾതല സയൻസ് എക്സിബിഷൻ.<br>* ഗവേഷണാത്മക പ്രൊജക്റ്റ് ഏറ്റെടുത്തുള്ള പഠനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുക . | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | ജൂൺ - ഓഗസ്റ്റ് | ശാസ്ത്ര അധ്യാപകർ | |
| 3. ശാസ്ത്ര ലാബ് നവീകരണം | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ. | ജൂൺ | ശാസ്ത്ര അധ്യാപകർ | |
| 4. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. | അധ്യാപകൻ - കുട്ടി കുട്ടി - കുട്ടി എന്നിങ്ങനെയുള്ള പരിശീലനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| 5. ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| 6. ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കാൻ സമഗ്രയിൽ ചേർക്കൽ. | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച ചോദ്യശേഖരം തയ്യാറാക്കൽ സമഗ്രയിൽ അപ്‌ലോഡ് ചെയ്യൽ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

# SUBJECT : CHEMISTRY

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. അത്ഭുത കണ്ണിലൂടെ കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | * ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. * പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. * ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത മെച്ചപ്പെട്ടത് സയൻസ് മേളയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2. ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | *ദിനാചരണങ്ങൾ *പഠനയാത്ര *സയൻസ് ക്വിസ്, സയൻസ് മാഗസിൻ, വൈ ഐ പി, ടാലന്റ് സർച്ച്, ഇൻസ്പെയർ അവാർഡ്, സയൻസ് പ്രോജക്ട് എന്നിവയ്ക്കായി കുട്ടികളെ തയ്യാറാക്കൽ *വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 3. ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | *സയൻസ് ലാബ് ആധുനികവൽക്കരിക്കുന്നു. *സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ. *പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| **4. ആയുർരേഖ** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | * കുട്ടികളിൽ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസുകൾ. *ആരോഗ്യ രേഖ സൂക്ഷിക്കുന്ന തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ. * ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. *സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

## SUBJECT : BIOLOGY

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ. കൗതുകം ജിജ്ഞാസ നിരീക്ഷണം അന്വേഷണം എന്നിവ പരിപോഷിപ്പിക്കുക. | * ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണ കളരി പരീക്ഷണങ്ങൾ പൊതു സമൂഹത്തിനുമുന്നിൽ പ്രദർശിപ്പിക്കൽ. * സ്കൂൾതല സയൻസ് എക്സിബിഷൻ പാഠങ്ങളുമായി ബന്ധപ്പെട്ട. * ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം സർവ്വേ അഭിമുഖം നിരീക്ഷണം പരീക്ഷണം സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. *ക്ലാസിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. * ശാസ്ത്രശിൽപശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2. ശാസ്ത്രമേളകളിൽ | മേളകളിൽ പങ്കെടുക്കുന്ന | ജൂൺ - ഓഗസ്റ്റ് | സയൻസ് | |

| | | | |
|---|---|---|---|
| പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുക. | കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ ക്വിസ്, വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ, ഇമ്പ്രവൈസ്ഡ് എക്സ്പീരിമെന്റ്. | | അധ്യാപകർ |
| 3. ശാസ്ത്ര ലാബ് നവീകരണം ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ബയോളജി വിഷയമായി ബന്ധപ്പെട്ട മോഡൽ ചാർട്ട് മൈക്രോസ്കോപ്പ് സ്ലൈഡ് എന്നിവ സജ്ജീകരിക്കൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 4. ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | സ്കൂളിൽ ശാസ്ത്ര ലൈബ്രറി രൂപീകരിക്കുക ശാസ്ത്ര മാസിക പ്രസിദ്ധീകരിക്കുക സയൻസ് ലാബ് ആധുനികവൽക്കരിക്കുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 5. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 6. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തുക. | സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിന് ആവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 7. ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ സമഗ്ര ചേർക്കാൻ. | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച ചോദ്യശേഖരം തയ്യാറാക്കൽ ചോദ്യം സമഗ്രയിൽ അപ്‌ലോഡ് ചെയ്യൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 8. മോഡൽ നിർമ്മാണം ശില്പശാല. | ബയോളജിയുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 9.ആയുർരേഖ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | * സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്താൻ.<br>* ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | പ്രാധാന്യം തിരിച്ചറിയുന്നതിനും, ഔഷധ തോട്ടം വിപുലപ്പെടുത്തൽ. * എല്ലാ സസ്യങ്ങൾക്കും നാമകരണം. * ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്താൻ. * ശാസ്ത്രനാമം പരിചയപ്പെടുന്നു. * സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് ആശയം വളർത്തുക. | | | |
| 10. വൈജ്ഞാനിക മനോഭാവം അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ. | പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. ഇൻസ്പെയർ അവാർഡ്, വൈ ഐപി എന്നിവയ്ക്ക് കുട്ടികളെ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 11. ആരോഗ്യ മേഖല. | ജൂൺ 2 - ലഹരി വിമുക്ത വിദ്യാലയം. ജൂൺ 21 - യോഗ ശാരീരികവും മാനസിക ആരോഗ്യവും കുട്ടികളിൽ വളർത്തുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 12. മാനസികാരോഗ്യം. | സംഗീത നൃത്ത ക്ലാസുകൾ പൂന്തോട്ട നിർമ്മാണം നീന്തൽ ക്ലാസുകൾ യോഗ ക്ലാസുകൾ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

## SUBJECT : WORK EDUCATION

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| 1. 8 9 10 ക്ലാസുകളിൽ തൊഴിലു വിദ്യാഭ്യാസ ആക്ടിവിറ്റി ബുക്ക് പുതുതായി രൂപകല്പന ചെയ്തിരിക്കുന്നു അത് കുട്ടികളെ പരിചയപ്പെടുത്തുക, മേഖലകൾ | Class session practical sessions | Work education period | Work education teacher | |

| | | | | |
|---|---|---|---|---|
| പരിചയപ്പെടുത്തുക ഒമ്പതാം ക്ലാസിലെ പാർട്ട് - 2 പുസ്തക തെരഞ്ഞെടുപ്പ് കുട്ടികളിൽ വ്യത്യസ്ത തൊഴിൽ മേഖല പരിചയപ്പെടുത്തുക. | | | | |
| 2. ഭാഷ-മാനവിക ശാസ്ത്ര പഠനത്തോടൊപ്പം തൊഴിൽ പരിചയ നേടി തനിക്കും സമൂഹത്തിനും മുതൽക്കൂട്ട് ആവുക. | സ്കിൽ (വൈഭവം) കണ്ടെത്താനുള്ള ശ്രമങ്ങൾ | Work education period | Work education teacher | |
| 3. ദിനാചരണങ്ങൾ | Poster competitions drawing competition | Work education period | Work education teacher | |
| 4. സ്കൂൾതലം ക്രാഫ്റ്റ് മേള - 2025 | പ്രവർത്തിപരിചയമേള സ്കൂൾ തലത്തിൽ നടത്തുക (LP, UP, HS) കുട്ടികൾ നിർമ്മിച്ച തുന്നൽ Emboidery work, fabric painting, paper craft, thread pattern, metal engraving, garment making, beadwork,vegetable printing 35 മേൽ ഇനങ്ങൾ പ്രദർശനം. | August - september | Work education teacher | H.M, SMC, PTA, മറ്റു അധ്യാപകർ, പൂർവ വിദ്യാർത്ഥികൾ. |
| 5. ഉപജില്ല – ജില്ല - സംസ്ഥാന പ്രവർത്തിപരിചയമേള മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കി എടുക്കൽ. | തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവ് ദിന പ്രവർത്തി പരിചയ പരിശീലനങ്ങൾ | Work education period, മറ്റ് അവധി ദിനങ്ങൾ | Work education teacher | SMC, PTA പൂർവ വിദ്യാർത്ഥികൾ. |

# SECTION : UPPER PRIMARY

# SUBJECT : മലയാളം

| ലക്ഷ്യം . | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം നടത്താനും, പദസമ്പത്ത് വളർത്താനും | <u>എൻറെ അവധിക്കാലം</u> പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ കവിത യാത്രാനുഭവം, | ജൂൺ മാസം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പഠിതാക്കളെ<br>പ്രാപ്തരാക്കുക. | അനുഭവക്കുറിപ്പ്)<br>അവതരിപ്പിക്കുന്നു. | | | |
| | ഭാഷാ കേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം<br>അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം ഓരോ കുട്ടിയുടെയും പഠന നിലവാരം തിരിച്ചറിയുന്നത്. | ജൂൺമാസം | മലയാളം<br>അധ്യാപകർ | |
| പഠിതാവിൽ<br>അർത്ഥപൂർണ്ണമായ<br>വായന<br>ഉറപ്പുവരുത്തുക. | വാർത്താ ലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ<br>ദിവസവും | മലയാളം<br>അധ്യാപകർ | |
| | വാർത്താ വായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് പുസ്തകങ്ങൾ എന്നിവയുടെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ<br>മൂന്ന്<br>പ്രാവശ്യം | മലയാളം ക്ലബ് | |
| സാഹിത്യകൃതികളോടും<br>സാഹിത്യകാരോടും<br>ഉള്ള അനുകൂല<br>മനോഭാവം വളർത്തുക<br>വഴി പഠിതാക്കളുടെ<br>സർഗ്ഗശേഷി<br>വളർത്തൽ. | സംവാദം, മുഖാമുഖം<br>സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ<br>രണ്ട്<br>പ്രാവശ്യം | ഹെഡ്മിസ്ട്രസ്<br>മലയാളം<br>അധ്യാപകർ | പിടിഎ |

| | | | | |
|---|---|---|---|---|
| മലയാളം കമ്പ്യൂട്ടറിങ് പരിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും. | സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കാൻ. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കാഴ്ചകൾ ലഘു നാടകങ്ങൾ എന്നിവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | പിടിഎ | പിടിഎ |

# SUBJECT : ENGLISH

കുട്ടികളുടെ വൈവിധ്യമാർന്ന കഴിവുകൾ പൂർണമായും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതോടൊപ്പം നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയും.

**ലക്ഷ്യങ്ങൾ**

1 ) ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു.
2 ) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു.
3 ) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു.
4 ) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു.

**ലക്ഷ്യം 1 : ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു.**

പ്രവർത്തനങ്ങൾ

1. Lend your ear

ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.

2. Follow me if you can

ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.

3. Breaking news

ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു.

4. Missing man

അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു.

5. Meet the foreigner

തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു.

6. One man show

ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു.

**ലക്ഷ്യം 2 : ഭാവാത്മക വായന പരിശീലിപ്പിക്കുന്നു**

പ്രവർത്തനങ്ങൾ

1. I too can

വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു.

2. Leaning ladder

പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്തു കുറച്ചു വാക്കുകൾ ചാറ്റിൽ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.

3. Reader of the month

ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു.

**ലക്ഷ്യം 3 : തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു.**

പ്രവർത്തനങ്ങൾ

1. My droplets

കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു.

2. Alert zone

സൂചന ബോർഡുകൾ പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു.

3. Run baby run

ക്ലാസിനെ ഗ്രൂപ്പുകൾ ആക്കുന്നു ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവുമാദ്യം വാക്കുകൾ തെറ്റുക കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.

4. Fun time funda

കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.

**ലക്ഷ്യം 4 : ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു.**

പ്രവർത്തനങ്ങൾ

5 6 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ടു വരാൻ അവസരം ഒരുക്കുന്നു അഞ്ചാം ക്ലാസിനായി കഥപറയൽ കഥയെഴുത്ത് ആറിന് റോൾപ്ലേ, നാടകം എന്നിവ പ്രച്ഛന്നവേഷനായി ഏഴാം ക്ലാസിന് കവിതയുടെ ആശയം, പ്രസംഗം തുടങ്ങിയവ.

# SUBJECT : HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | പിന്തുണ |
|---|---|---|---|---|
| യുപിതലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും | * അക്ഷരം എഴുത്ത് * ചിന്നമുറപ്പിക്കാൻ * അക്ഷര കാർഡ്, വാക്കുകൾ എഴുതിയ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | അക്ഷര ചാർട്ട് പാഠപുസ്തകം. | ബി ആർ സി ഡയറ്റ് റിസോഴ്സ് ടീച്ചർ |

| | | | | |
|---|---|---|---|---|
| ആശയങ്ങളും ഉറപ്പിക്കൽ. | കാർഡ്<br>* ക്ലാസ്സിൽ അക്ഷരമാല പ്രദർശനം. | | | |
| വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക). | * വീട്ടിൽ ഉപയോഗിക്കുന്ന ഗ്രഹോപകരണങ്ങളുടെയും മറ്റ് വസ്തുക്കളുടെയും പേര് ഹിന്ദിയിൽ എഴുതുക.<br>* ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>* സി ഡബ്ല്യു എസ് എൻ കുട്ടികളുടെ പങ്കാളിത്തം. | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | പി ടി എ<br>ബി ആർ സി<br>റിസോഴ്സ് ടീച്ചർ |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം. | * ഹിന്ദി അസംബ്ലി<br>* ദിനാചരണങ്ങൾ പ്രത്യേകിച്ച് (സെപ്റ്റംബർ 14, ജനവരി 10)<br>* ക്ലാസ് ലൈബ്രറി<br>* അധികവായകന സാമഗ്രികൾ<br>*ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>* വായനാ മൂല<br>*ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ. | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | ബി ആർ സി<br>ഡയറ്റ്<br>റിസോഴ്സ് ടീച്ചർ<br>പി ടി എ |

## SUBJECT : MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു) | ജൂൺമാസം | ഗണിത അധ്യാപകൻ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കര ചലനശേഷികളുടെ വികാസവും. | ഒറിഗാമി ശില്പശാല ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |

| | | | |
|---|---|---|---|
| വർഷത്തിൽ ഒരു പ്രാവശ്യം ഗണിത അധ്യാപകൻ | പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്താൻ പ്രദർശനം സംഘടിപ്പിക്കൽ. | | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിൽ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൾ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസര ണം. | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും |
| ഗണിതം മധുരമാക്കാൻ | ജോമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ക്ലാസുകളിൽ ഗണിതരൂപങ്ങൾ സജ്ജമാക്കൾ ഗണിത മൂല | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ. | ഗണിത പ്രാവീണ്യമുള്ള അധ്യാപകരെ മറ്റ് മേഖലകളിലും മറ്റു വിദ്യാലയങ്ങളിലും പ്രവർത്തിക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യൽ. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ ക്ലബ് ലീഡർമാർ പിടിഎ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | IT സാധ്യതകളിലൂടെ ജോമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിലൊരു പ്രാവശ്യം | ഗണിത അധ്യാപകൻ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | <u>ഗണിത ക്ലിനിക്</u> ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും |
| വിവിധ ശേഷികളുടെ വികസനം. | <u>ദിനാചരണം</u> ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട | ആവശ്യാനുസര ണം. | എസ് ആർ ജി |

പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു

## SUBJECT : SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ പരിശോധിക്കൽ നേടിയെടുക്കാൻ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് ചോദ്യാവലി നൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. പരസ്പര സഹകരണത്തിന്റെ പ്രാധാന്യം വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | സമൂഹത്തിലും ക്ലാസുകളിലും പരസ്പര സഹകരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3. സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരണം. | സാമൂഹികശാസ്ത്ര അഭിരുചി കാണിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 4. ജനാധിപത്യപരമായ ജീവിതം സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | | | |
| 5. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | ഐസിടി സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| 6. വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ച് വിദ്യാർഥികളെ ബോധവാന്മാരാക്കുന്നു. | കുട്ടികൾക്ക് റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 7. സഹജീവികളോട് സമാധാന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | മിതവ്യ ശീലത്തിന്റെ ഭാഗമായ കുട്ടികൾ അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സ്കോളർഷിപ്പ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 9. നഗരപ്രദേശങ്ങളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുക. | ഗ്രാമ നഗരപ്രദേശങ്ങളുടെ കുട്ടികൾ താമസിക്കുന്ന പ്രദേശത്തെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 10. വിദ്യാർത്ഥികൾക്ക് പ്രതിഭാശാലി ആകാൻ അവകാശം നൽകുക സ്വതന്ത്രവും നീതിപൂർവവുമായ തിരഞ്ഞെടുപ്പ് മനസ്സിലാക്കുന്നതിന്. | തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ പാലിച്ചുകൊണ്ട് വിദ്യാലയത്തിൽ പാർലമെൻറ് തിരഞ്ഞെടുപ്പ് നടത്തുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 11. മനുഷ്യ ജീവിതത്തിലെ പുരാതന കാലഘട്ടങ്ങളെ കുറിച്ചുള്ള ധാരണ ശക്തിപ്പെടുത്താൻ. | വിവിധ ശിലായുഗ ഘട്ടങ്ങളിൽ മനുഷ്യർ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളുടെ ചിത്രം ആൽബം തയ്യാറാക്കൽ | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 12. പുരാതന കാലഘട്ടങ്ങളിൽ ആദ്യ രാജ്യങ്ങൾ എങ്ങനെ രൂപപ്പെട്ടു എന്ന് പഠിക്കുക. | പുരാതന ലോകത്തെ രാഷ്ട്ര രൂപീകരണത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുക | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 13. ഭക്ഷണരീതികളുടെ മാറ്റങ്ങൾ പ്രകടമാക്കുക. | ഭക്ഷണരീതിയിൽ ഉണ്ടായ മാറ്റങ്ങൾ എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 14. സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക. | ചിത്രപ്രദർശനം യുദ്ധം വരൾച്ച വെള്ളപ്പൊക്കം | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| **15.** മത തത്വമുള്ള ജീവിതപാഠങ്ങൾ പ്രചരിപ്പിക്കുക ചരിത്രം സംസ്കാരം മതപരമ്പര എന്നിവയെ കുറിച്ചുള്ള പഠനം പ്രോത്സാഹിപ്പിക്കുക. | മഹാവീരനും ഗൗതമബുദ്ധനുമായി ബന്ധപ്പെട്ട കഥകൾ ശേഖരിച്ച് സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൽ അവതരിപ്പിക്കാൻ | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| **16.** ആരോഗ്യകരമായ ഭക്ഷണ ശീലത്തെ പ്രചരിപ്പിക്കുക. | ആരോഗ്യകരമായ ഭക്ഷണശീലം എന്ന വിഷയത്തിൽ ആരോഗ്യ പ്രവർത്തകരുമായി ചർച്ച | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| **17.** ഭാവിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രചോദനം നൽകുക. | സമീപത്തുള്ള സ്വയം തൊഴിൽ സംരംഭം സന്ദർശിച്ച പ്രവർത്തനങ്ങൾ നിരീക്ഷിച്ചു കുറിപ്പ് തയ്യാറാക്കുന്നു. | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| **18.** നിയമങ്ങൾ മനസ്സിലാക്കാൻ നിയമങ്ങളുടെ പ്രവർത്തനരീതി പരിശോധിക്കാൻ. | നിയമ ബോധവൽക്കരണ ക്ലാസ് | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| **19.** ക്ലാസ് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ പ്രാപ്തരാക്കുക. | ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ. | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| **20.** ഉചിതമായ സമയത്ത് ഉചിതമായ രീതിയിൽ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ് ഉണ്ടാക്കുക. | കുട്ടികൾക്ക് നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഉണ്ടാകാൻ ഇടയുള്ള സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനും രക്ഷപ്പെടാനുമുള്ള പ്രവർത്തനങ്ങളെ കുറിച്ച് ലഘുലേഖ തയ്യാറാക്കൽ | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| **21.** വസ്ത്ര നിർമ്മാണ രീതിയെ കുറിച്ച് മനസ്സിലാക്കുക. | പ്രദേശത്തെ ഏതെങ്കിലും കൈത്തറി കേന്ദ്രം സന്ദർശിച്ച വസ്തുനിർമ്മാണ രീതിയെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| **22.** ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭയിലേക്ക് ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യ രീതികൾ മനസ്സിലാക്കുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| 23. ഭൂമിയുടെ ഉള്ളറകളിലെ സവിശേഷതകൾ മനസ്സിലാക്കുന്നതിന്. | ഭൂമിയുടെ ഘടനയുടെ മാതൃക നിർമ്മിക്കൽ ശില്പശാല | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 24. പഠിതാക്കളെ ചരിത്രബോധം ഉള്ളവരാത്ത മാറ്റിയെടുക്കുക. | വെർച്ചൽ ഫീൽഡ് ട്രിപ്പ് ICT ഉപയോഗിച്ച് ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രവബോധം വളർത്തുന്നു. | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 25. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര്യം നിർമ്മാർജന പദ്ധതികൾ തിരിച്ചറിയുക. | സർവ്വേ പ്രദേശത്ത് കേന്ദ്ര സംസ്ഥാന നടപ്പിലാക്കിവരുന്ന ദാരിദ്രനിർമ്മാർജ്ജന പദ്ധതികളിൽ പെട്ടവരുടെ സർവ്വേ നടത്തുന്നു. | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 26. ദാരിദ്ര്യത്തിന് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകരമാണെന്ന് മനസ്സിലാക്കുന്നത്. | കുടുംബശ്രീ പ്രവർത്തകരുമായി അഭിമുഖം നടത്തുന്നു | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

## SUBJECT : BASIC SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | * നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക് ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം ശലഭോ ധ്യാനം കുളം ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ഊർജ് ക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ് | പിടിഎ |
| | * കണ്ടറിയാൻ ഒരു യാത്ര വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്താൻ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽ കാടുകൾ നിരീക്ഷണം, പുഴയെ അറിയാൻ | ജൂലൈ | ശാസ്ത്ര അധ്യാപകർ ഊർജ് ക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ് | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | യാത്രകൾ. | | | |
| | * പരീക്ഷണ കളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ഊർജ് ക്ലബ്ബ് സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| 2. ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | * മാസ്റ്റർ മൈൻഡ്<br>ഊർജ് ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് ഊർജ് ക്ലബ്ബ് ആരോഗ്യ ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| | * എക്സ്പോ എക്സ്പ്ലോർ<br>ആധുനിക ശാസ്ത്ര ലോകത്തിൻറെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | * ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയച്ചുമർ ഓരോ ക്ലാസിൽ നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | * ശാസ്ത്ര ലൈബ്രറി<br>ക്ലാസ് മുറികളിൽ കുട്ടികളിൽ ശാസ്ത്രം അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്ര മാഗസിനുകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | * ശാസ്ത്ര ക്ലബ്ബ്<br>ശാസ്ത്ര അഭിരുചി കാണിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് ശാസ്ത്ര ക്ലബ്ബ് രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | * ശാസ്ത്ര കിറ്റ് | അക്കാദമിക | ശാസ്ത്ര | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര ക്ലാസുകളിൽ കൊണ്ടുപോകുവാൻ സാധിക്കുന്ന ശാസ്ത്ര കിറ്റ് നിർമ്മാണം. | വർഷം | അധ്യാപകർ | |
| | * മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കൽ. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3. ശാസ്ത്ര പഠനത്തിന് നൂതന സാങ്കേതിക സംവിധാനങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വീഡിയോകൾ ആനിമേഷൻ വെർച്ചൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങൾ ഉപയോഗിച്ച് പാഠത്തിൻ്റെ അവതരണത്തിനും ആശയവിനിമയത്തിനുമായി ഉപയോഗിക്കൽ.<br><br>* വിസ്മയ യാത്ര<br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവിതചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 4. ബോധവൽക്കരണ ക്ലാസുകളെ പാഠഭാഗങ്ങളുമായി ഉൾചേർത്തുള്ള പഠനം. | 3 മുതൽ 13 വരെ എടുത്ത ബോധവൽക്കരണ ക്ലാസുകളിലെ ഭൂരിഭാഗം വിഷയങ്ങളും 5,6,7 ക്ലാസുകളുടെ പാഠഭാഗങ്ങളിൽ ഉൾച്ചേർത്തുകൊണ്ട് പഠിപ്പിക്കുവാൻ സാധിക്കുന്നതാണ്. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |

# ഉപസംഹാരം

ആലപ്പുഴ ജില്ലയിൽ മാവേലിക്കര സബ് ജില്ലയിലെ ചെട്ടികുളങ്ങര പഞ്ചായത്തിൽപ്പെട്ട എച്ച് എസ് എസ് ചെട്ടികുളങ്ങരയിൽ പ്രഗൽഭരായ അധ്യാപകരുടെ സേവനം ഈ സ്കൂളിന് മികവിന്റെ പാതയിലൂടെ നയിച്ചു വരുന്നു. പ്രശസ്തരായ വ്യക്തികൾ ആദ്യാക്ഷരം കുറിച്ച ഈ സ്കൂൾ തൊണ്ണൂറിന്റെ നിറവു കഴിഞ്ഞിട്ടും ഇന്നും മാവേലിക്കര ഉപജില്ലയിൽ അഭിമാനമായി നിലകൊള്ളുന്നു. മുഴുവൻ കുട്ടികളും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാ അവസരം ഇവിടെ ലഭിക്കുന്നു. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഐസിടി സാധ്യത നടപ്പിലാക്കി വരുന്നതുകൊണ്ട് പഠനം രസകരമായി മുന്നോട്ടുപോകുന്നു. ജനകീയ സംവിധാനങ്ങളുടെ പിന്തുണയോടെ ഈ സ്കൂളിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടു കൊണ്ടിരിക്കുന്നു. കുട്ടിയുടെ മികവിന് സമസ്ത മേഖലയുടെയും വികസനം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളിലൂടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു, എന്നിരുന്നാലും അക്കാദമികമായും ഭൗതികമായും വെല്ലുവിളികൾ ഇന്നും നിലനിൽക്കുന്നു. വിവിധ വിഷയമേഖലകളിലെ പദ്ധതി രൂപീകരണത്തിലൂടെ ഇവയെ മറികടക്കാൻ സാധിക്കും എന്ന പ്രതീക്ഷയോടെ ഈ മാസ്റ്റർ പ്ലാൻ ഇവിടെ ഉപസംഹരിക്കുന്നു.